**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

## അസിസ്റ്റന്റ് ബീറ്റ് ആഫീസർമാർ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4153** **24/10/2016-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി. അയിഷാ പോറ്റി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ജനമൈത്രി പോലീസ് സംവിധാനത്തിൽ അസിസ്റ്റന്റ് ബീറ്റ് ആഫീസറുടെ ചുമതലകൾ എന്തെല്ലാമാണ് ; നിലവിൽ ഇത് നിർവ്വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ; | (എ) | ജനമൈത്രി പോലീസ് സംവിധാനത്തിൽ ഒരു ബീറ്റ് ആഫീസറുടെ അതേ ചുമതലകളാണ് അസിസ്റ്റന്റ് ബീറ്റ് ആഫീസർക്കും നൽകിയിരിക്കുന്നത്. ഈ ഓഫീസർ തന്റെ ബീറ്റ് ഏരിയയിലെ എല്ലാ വീട്ടിലെയും ഒരു അംഗത്തെയെങ്കിലും വ്യക്തിപരമായി അറിയുവാൻ കഴിയണം, തന്റെ ബീറ്റ് ഏരിയയുടെ ഒരു റഫ് മാപ്പ് തന്റെ ബീറ്റ് ഡയറിയിൽ സൂക്ഷിച്ചിരിക്കണം മാത്രമല്ല പ്രധാനപ്പെട്ട എല്ലാ ഫോൺ നമ്പറുകളും, അഡ്രസ്സ് എന്നിവയും ഡയറിയിൽ രേഖപ്പെടുത്തണം. പോലീസും ജനങ്ങളുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തി അവരുടെ വിശ്വാസം കൂടുതൽ നേടിയെടുക്കാനാണ് ഈ ഓഫീസർ ശ്രദ്ധിക്കുന്നത്. അസിസ്റ്റന്റ് ബീറ്റ് ഓഫീസറായി നിയമിക്കപ്പെടുന്നത് ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയായതിനാൽ സ്ത്രീകളുമായി കൂടുതൽ സംവേദിക്കുന്നതിനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വേഗത്തിൽ മനസ്സിലാക്കാനും കഴിയുന്നു. ജനമൈത്രി പോലീസിന്റെ ഏറ്റവും കാതലായ പ്രവർത്തനമാണ് ബീറ്റ് ഓഫീസറുടെയും അസിസ്റ്റന്റ് ബീറ്റ് ഓഫീസറുടെയും ഭവന |

| | | | |
|---|---|---|---|
| | | | സന്ദർശനം. ഇതുമൂലം ഏതു സാധാരണ പൗരനും പ്രത്യേകിച്ച് സ്ത്രീകൾക്കും നിർഭയമായും തുടർച്ചയായും പോലീസുമായി ബന്ധപ്പെടാൻ കഴിയും. ഇത് പോലീസിനോടുള്ള ജനങ്ങളുടെ വിശ്വാസം കൂടുതൽ വിപുലമാക്കാൻ കഴിയും |
| (ബി) | ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ബീറ്റ് അടിസ്ഥാനത്തിൽ ആനുപാതികമായി അസിസ്റ്റന്റ് ബീറ്റ് ആഫീസർമാർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ജനമൈത്രി പോലീസ് കേരളത്തിലെ പോലീസ് സംവിധാനത്തിന്റെ തന്നെ ഭാഗമാണ്. ആയതിനാൽ പോലീസ് സേനാംഗങ്ങളുടെ പ്രത്യേകിച്ച് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ കുറവ് അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരുടെ എണ്ണത്തേയും ബാധിച്ചിട്ടുണ്ട്. |
| (സി) | ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**